ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 25.11.2026 | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. 2047ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ, ആരോഗ്യപരിപാലനവും വിദ്യാഭ്യാസവും ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു

Healthcare and education are the most important aspects in the journey towards the goal of a developed India by 2047, says President Droupadi Murmu.

2. സംഘർഷ സാഹചര്യങ്ങളിൽ,നിർമ്മിത ബുദ്ധി പോലുള്ള വളർന്നവരുന്ന സാങ്കേതികവിദ്യകളുടെ ഉപയോഗത്തിൽ, മനുഷ്യകേന്ദ്രീകൃതവും ഉത്തരവാദിത്തമുള്ളതുമായ സമീപനം വേണമെന്ന് യു എൻ രക്ഷാസമിതിയിൽ ഇന്ത്യ.

India stated at the UN Security Council that a human-centric and responsible approach is required regarding the use of emerging technologies, such as artificial intelligence, in conflict situations.

3. സൗദി അറേബ്യയിലെ സിവിലിയൻ, സാമ്പത്തിക, ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾ ലക്ഷ്യമിട്ട് തുടരുന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ.

India has strongly condemned the ongoing attacks targeting civilian, economic, and energy infrastructure in Saudi Arabia.

4. കേരളത്തിൽ കായിക ബിൽ, റാഗിങ്ങ് നിരോധന ബിൽ എന്നിവയ്ക്ക് മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം. സമരം ചെയ്യുന്ന LPST റാങ്ക് ലിസ്റ്റിലുള്ളവരുടെ നാല് ആവശ്യങ്ങൾ അംഗീകരിച്ചതായി മുഖ്യമന്ത്രി വി.ഡി സതീശൻ.

The Kerala Cabinet has approved the Sports Bill and the Anti-Ragging Bill. Chief Minister V.D. Satheesan announced that four demands raised by the protesting candidates on the LPST rank list have been accepted.

5. കേരളത്തിൽ അടുത്ത മൂന്ന് ദിവസം വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത

The India Meteorological Department has stated that rain will continue in Kerala for the next three days. A yellow alert has been issued for the districts of Pathanamthitta, Alappuzha, Kottayam, Ernakulam, and Idukki today.

6. ഭോപ്പാലിൽ വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെൻറിലെ അവസാന ലീഗ് മത്സരത്തിൽ, ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും

In the final league match of the Women's Asian Champions Trophy hockey tournament in Bhopal, India will face Japan today.

&&&&&&&&&&&&&&&&&

HEADLINES-1

PREZ - ODISHA VISIT (INTRO)

2047ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ, ആരോഗ്യപരിപാലനവും വിദ്യാഭ്യാസവും ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.ഓരോ വൈദ്യശാസ്ത്ര മേഖലയും ശാസ്ത്രീയ അന്വേഷണം, തെളിവുകളെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തൽ, രോഗികളുടെ സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിൽ പ്രതിജ്ഞാബദ്ധമായിരിക്കണം. അക്കാദമിക മികവ്, പ്രൊഫഷണൽ ഉത്തരവാദിത്തം , ശാസ്ത്രീയ അടിത്തറ എന്നിവ അടിസ്ഥാനമാക്കിയാവണം ഹോമിയോപ്പതി മേഖലയുടെ വികസനമെന്നും ശ്രീമതി മുർമു പറഞ്ഞു . ഒഡീഷ സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് ഭുവനേശ്വറിലെ ഡോ. അഭിന ചന്ദ്ര ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്ന ഹോമിയോപ്പതി-ദേശീയ ശാസ്ത്ര സമ്മേളനത്തെ

അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഹോമിയോപ്പതി വൈദ്യശാസ്ത്ര ശാഖ അതിന്റെ അടിത്തറ നിരന്തരം പരിശോധിക്കുകയും, രീതികൾ വിലയിരുത്തുകയും, ഉചിതമായ ശാസ്ത്രീയ രീതികളിലൂടെ അറിവ് ശക്തിപ്പെടുത്തുകയും വേണമെന്നും ശ്രീമതി മുർമു നിർദേശിച്ചു . (ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

NSA DOVAL-MALDIVES

മാലദ്വീപിൽ നടന്ന എട്ടാമത് 'കൊളംബോ സുരക്ഷാ സമ്മേളനത്തിന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ യോഗത്തിനിടെ, ഇന്ത്യൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, മാലദ്വീപ് പ്രതിരോധ-ദേശീയ സേവന മന്ത്രി ഹസൻ റഷീദുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും മാലദ്വീപും തമ്മിലുള്ള പ്രതിരോധ, സുരക്ഷാ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഇരുവരും ചർച്ച ചെയ്തു. പ്രതിരോധ പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിനുള്ള ഇരുരാജ്യങ്ങളുടെയും പ്രതിബദ്ധത കൂടിക്കാഴ്ചയിൽ വീണ്ടും ഉറപ്പിച്ചതായി മാലദ്വീപ് പ്രതിരോധ-ദേശീയ സുരക്ഷാ മന്ത്രാലയം അറിയിച്ചു. നേരത്തേ, സെപ്റ്റംബർ 30-ന്, 'കൊളംബോ സുരക്ഷാ യോഗത്തിൻറെ ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ തലത്തിലുള്ള ഒമ്പതാമത് യോഗം ഇന്ത്യയുടെ ആതിഥേയത്വത്തിൽ ഓൺലൈനായി നടന്നിരുന്നു.

&&&&&&&&&&&&&&&&

HEADLINES-2

INDIA – UNSC

സംഘർഷ സാഹചര്യങ്ങളിൽ, നിർമ്മിത ബുദ്ധി പോലുള്ള വളർന്നുവരുന്ന സാങ്കേതികവിദ്യകളുടെ ഉപയോഗത്തിൽ, മനുഷ്യകേന്ദ്രീകൃതവും ഉത്തരവാദിത്തമുള്ളതുമായ സമീപനം വേണമെന്ന് ഇന്ത്യ. മനുഷ്യന്റെ വിവേചനബുദ്ധിയും മേൽനോട്ടവും എല്ലായ്പ്പോഴും ഇതിൽ കേന്ദ്രസ്ഥാനത്ത് ഉണ്ടായിരിക്കണമെന്ന് ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിൽ നടന്ന ചർച്ചയിൽ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി ഹരീഷ് പർവതനേനി പറഞ്ഞു. അതിവേഗത്തിലുള്ള സാങ്കേതിക പുരോഗതി സംഘർഷങ്ങളുടെ സ്വഭാവത്തെ മാറ്റുകയും, പുതിയ സുരക്ഷാ വെല്ലുവിളികൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. സാങ്കേതികവിദ്യ മാനവരാശിക്ക് ഉപകരിക്കേണ്ടതും അന്താരാഷ്ട്ര സഹകരണം

ശക്തിപ്പെടുത്തേണ്ടതും, ശാശ്വതമായ സമാധാനത്തിന് സംഭാവന നൽകേണ്ടതുമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&

CDSCO- DRUGS

രാജ്യത്തെ മരുന്ന് നിർമാണ രംഗത്ത് കഴിഞ്ഞ മാസം നടത്തിയ പരിശോധനയിൽ 324 മരുന്ന് സാമ്പിളുകൾ ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തി. സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികൾ പരിശോധിച്ച 37 സാമ്പിളുകളും സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പരിശോധിച്ച 287 സാമ്പിളുകളുമാണ് ഗുണനിലവാരമില്ലാത്തവയാണെന്ന് സ്ഥിരീകരിച്ചത്. നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങളിൽ ഒന്നോ അതിലധികമോ കാര്യങ്ങളിൽ പരാജയപ്പെടുന്ന മരുന്നുകളെയാണ് Not of Standard Qualtiy വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്.

&&&&&&&&&&&&&&&&

HEADLINES-3

INDIA RIYADH ATTACK

സൗദി അറേബ്യയിലെ റിയാദ് ഫിനാൻഷ്യൽ ഡിസ്ട്രിക്റ്റിലെ ഒരു ടവറിന് നേരെയുണ്ടായ ആക്രമണത്തെയും രാജ്യത്തെ സിവിലിയൻ, സാമ്പത്തിക, ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾ ലക്ഷ്യമിട്ട് തുടരുന്ന ആക്രമണങ്ങളെയും ശക്തമായി അപലപിച്ച് ഇന്ത്യ. ഇത്തരം ആക്രമണങ്ങൾ സൗദിയുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും പ്രാദേശിക സുരക്ഷയെയും സ്ഥിരതയെയും ദുർബലപ്പെടുത്തുന്നതാണെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഫിനാൻഷ്യൽ ഡിസ്ട്രിക്റ്റിലുണ്ടായ ആക്രമണത്തിൽ പരിക്കേറ്റവരിൽ രണ്ട് ഇന്ത്യക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു. രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിൽ സൗദി അറേബ്യയ്ക്ക് ഇന്ത്യപിന്തുണ ഉറപ്പുനൽകി.

&&&&&&&&&&&&&&&&

INDIA-SRI LANKA HOUSING PROJECT

ഇന്ത്യയുടെ ഭവന സഹായ പദ്ധതിക്ക് കീഴിൽ ശ്രീലങ്കയിലെ തോട്ടം മേഖലയിൽ 37 പുതിയ വീടുകൾ നിർമ്മിക്കുന്നു. ശ്രീലങ്കയിലെ കിരിവനകെട്ടിയ, കൊബോവെല എസ്റ്റേറ്റുകളിൽ നടന്ന ചടങ്ങിൽ ശ്രീലങ്കൻ മന്ത്രി കെ.വി. സമന്ത വിദ്യാരത്ന, ഇന്ത്യൻ ഹൈക്കമ്മീഷൻ ഉദ്യോഗസ്ഥർ, പാർലമെൻറ് അംഗങ്ങൾ എന്നിവർ സംയുക്തമായി വീടുകൾക്ക് തറക്കല്ലിട്ടു. തോട്ടം മേഖലയിൽ 4,700 വീടുകൾ നിർമ്മിക്കുന്ന ഇന്ത്യൻ ഭവന പദ്ധതിയുടെ നാലാം ഘട്ടത്തിന്റെ ഭാഗമായാണിത്.

&&&&&&&&&&&&&&&&

VIOLENCE AGAINST WOMEN

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം ഇന്ന്. 1960-ൽ ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ കൊല്ലപ്പെട്ട മിറാബൽ സഹോദരിമാരുടെ ഓർമ്മയ്ക്കായാണ് ദിനാചരണം. "സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ഒന്നിക്കാം: അതിജീവിതർക്ക് നീതി ഉറപ്പാക്കുക, അവരെ സംരക്ഷിക്കുക, കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന സാഹചര്യം അവസാനിപ്പിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ തിരുവനന്തപുരത്ത് നിർവഹിക്കും.

&&&&&&&&&&&&&&&&

PRESIDENT KERALA

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി മറ്റെന്നാൾ കേരളത്തിൽ എത്തും. രാവിലെ ആദിശങ്കരാചര്യരുടെ ജന്മസ്ഥലമായ കാലടി സന്ദർശിക്കും. തുടർന്ന് തൃശ്ശൂരിലേക്ക് പോകുന്ന രാഷ്ട്രപതി, വൈദ്യരത്നം ആയുർവേദ കോളേജിൻറെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും. വൈകിട്ട് ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തും. ശനിയാഴ്ച കണ്ണൂർ ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസ്സിംഗ് ഔട്ട് പരേഡിൽ ശ്രീമതി മുർമു പങ്കെടുക്കും.

&&&&&&&&&&&&&&&&

HEADLINES-4

CABINET

സംസ്ഥാന കായിക ബിൽ, റാഗിങ്ങ് നിരോധന ബിൽ എന്നിവയ്ക്ക് കേരള മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം.സമരം ചെയ്യുന്ന LPST റാങ്ക്ഹോൾഡേഴ്സ് കൂട്ടായ്മയുടെ നാല് ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചതായി മുഖ്യമന്ത്രി വി.ഡി സതീശൻ മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവെ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&

SC-KHALID BAIL

വടക്കുകിഴക്കൻ ഡൽഹി കലാപവുമായി ബന്ധപ്പെട്ട ഗൂഢാലോചനക്കേസിൽ, ഷർജീൽ ഇമാം, ഉമർ ഖാലിദ് എന്നിവർക്ക് ഇടക്കാല ജാമ്യം നൽകാൻ വിസമ്മതിച്ച് സുപ്രീം കോടതി . 2020 ഫെബ്രുവരിയിൽ നടന്ന കലാപത്തിന് പിന്നിലെ ഗൂഢാലോചനയുമായി ബന്ധപ്പെട്ട യു.എ.പി.എ കേസിൽ, തങ്ങൾക്ക് ജാമ്യം നിഷേധിച്ച ഡൽഹി ഹൈക്കോടതി ഉത്തരവിനെ ചോദ്യം ചെയ്ത് ഇരുവരും സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതിയുടെ നടപടി.

&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&

IFFI (INTRO)

അമ്പത്തിയേഴാമത് ഇന്ത്യ- അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൻറെ ആറാം ദിവസമായ ഇന്ന് ഇന്ത്യൻ ഭാഷാ ചിത്രങ്ങളോടൊപ്പം ശ്രദ്ധേയമായ ലോക സിനിമകളും അരങ്ങിലെത്തുന്നുണ്ട്.

വിശദാംശങ്ങളിലേക്ക്...
(വോയിസ്)

IFFI (VO)

മേളയുടെ ആറാം ദിവസമായ ഇന്ന്, സംഗീത ലോകത്തെ ഇതിഹാസങ്ങളായ ആശാ ഭോസ്ലെയും എസ്. ജാനകിക്കും ആദരമർപ്പിച്ചുകൊണ്ട് 'ലതാ മങ്കേഷ്കർ ടോക്ക്' നടക്കും. കെ.എസ്. ചിത്ര പങ്കെടുക്കുന്ന ചർച്ച സുഹാസിനി മണിരത്നം നയിക്കും. കൂടാതെ, സബ്ടൈറ്റിലിംഗിനെക്കുറിച്ചുള്ള പ്രത്യേക മാസ്റ്റർക്ലാസും നടക്കും . ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'ക്രിയേറ്റീവ് മൈൻഡ്സ് ഓഫ് ടുമാറോ ' ആറാം പതിപ്പിൽ 'റൂട്സ് ആൻഡ് വിങ്സ് ' എന്ന പ്രമേയത്തിൽ 100 യുവ ചലച്ചിത്ര പ്രവർത്തകരാണ് ഇന്നലെ സമാപിച്ച 48 മണിക്കൂർ നീണ്ട ചലച്ചിത്ര നിർമ്മാണ ചലഞ്ചിൽ പങ്കെടുത്തത്. മോഹക് ഗാന്ധി സംവിധാനം ചെയ്ത 'വൺ ലാസ്റ്റ് സ്റ്റോപ്പ്' മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു. 5 ലക്ഷം രൂപയാണ് സമ്മാനം. വ്യക്തിഗത വിഭാഗത്തിൽ ജിതിൻ എസ് മികച്ച തിരക്കഥാകൃത്തിനുള്ള പുരസ്കാരവും, അശ്വിൻ അശോക് മികച്ച സൗണ്ട് ഡിസൈനർക്കുള്ള പുരസ്കാരവും സ്വന്തമാക്കി. അതേസമയം, മേളയുടെ ഭാഗമായി എന്റർടൈൻമെന്റ് സൊസൈറ്റി ഓഫ് ഗോവ ഒരുക്കിയ സുവനീർ സ്റ്റാളിന് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&

HEADLINES-6

Women's Asian Champions Trophy

മധ്യപ്രദേശ് തലസ്ഥാനമായ ഭോപ്പാലിൽ വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിലെ അവസാന ലീഗ് മത്സരത്തിൽ, ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. വൈകുന്നേരം 7 മണിക്കാണ് മത്സരം.12 പോയിൻറുകൾ വീതം നേടി ഇന്ത്യയും ജപ്പാനും നിലവിൽ പോയിൻറ് പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ ചൈനയെ 6-2 എന്ന സ്കോറിന് തോൽപ്പിച്ചു.

&&&&&&&&&&&&&&&&

HEADLINES-5

RAIN

കേരളത്തിൽ അടുത്ത മൂന്ന് ദിവസം വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. പത്തനംതിട്ട മുതൽ പാലക്കാട് വരെ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളത്തിലും ലക്ഷദ്വീപിലും മഴയോടൊപ്പം ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&

PM – MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി 'മൻ കീ ബാത്' ഈ മാസം 29-ന്. 'മൻ കീ ബാത്തി'ലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും MyGov ഓപ്പൺ ഫോറത്തിലോ, 1800 -11-7800 എന്ന ടോൾഫ്രീ നമ്പറിലോ ഈ മാസം 27 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&
&&&&&&&&
&&&&&
&&